802

# ഒന്നാംപാദവാർഷിക മൂല്യനിർണയം 2016

## മലയാളം - I

## (കേരളപാഠാവലി)

സ്റ്റാന്റേർഡ്: VIII

സമയം: 1½ മണിക്കൂർ
സ്കോർ: 40

**നിർദേശങ്ങൾ**

- പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. ചുവടെ കൊടുത്തിരിക്കുന്നതിൽ അമ്മമ്മയുടെ ദുഃഖം ഏറ്റവും തീവ്രമായി അനുഭവപ്പെടുന്ന പ്രയോഗം.
   - പിഞ്ഞിക്കീറിയ പേഴ്സ്
   - ചില്ലറത്തുട്ടുകളിൽ കണ്ണീര് നനച്ച്
   - കണ്ണീര് തിളങ്ങുന്ന ഒരു സൂചിയായി.
   - തേവിത്തേവി വറ്റിപ്പോയ കിണർ. (1)
2. ചുവടെ നൽകിയിരിക്കുന്നതിൽ വഞ്ചിപ്പാട്ടുമായി യോജിക്കാത്ത പ്രസ്താവന ഏത്?
   - അധ്വാനത്തിന്റെയും സംഘശക്തിയുടെയും പാട്ട്.
   - വള്ളംകളിക്കുവേണ്ടി ഉണ്ടായിട്ടുള്ള ഗാനകാവ്യങ്ങൾ.
   - കേരളസംസ്കാരത്തിന്റെ ഗാനധാര.
   - ദൃശ്യകലയ്ക്കുവേണ്ടി പിറവികൊണ്ടത്. (1)
3. 'മേഘം അനിത്യതയുടെ പ്രതീകമാകുന്നു' എന്നു പറയുന്നത് എന്തുകൊണ്ട്?
   - നാടകകൃത്തുക്കൾ അനിർവചനീയതയെ വിഷയമാക്കിയിരുന്നത് മേഘങ്ങളിലൂടെയാണ്.
   - വാർധക്യത്തിന്റെ അടയാളമാണ്.
   - സമുദ്രത്തിന്റെ വസ്ത്രമായി കല്പനചെയ്യപ്പെടുന്നു.
   - ആകാശത്ത് പെട്ടെന്നു കാണപ്പെടുകയും തിരോഭവിക്കുകയും ചെയ്യുന്നു. (1)
4. കേരളത്തിനുമുണ്ട് അതിന്റേതായ ആണ്ടറുതികൾ.
   - അടിവരയിട്ട പദം വിഗ്രഹിച്ചെഴുതുക. (1)
5. ഒരു നാമപദത്തിൽനിന്ന് മറ്റൊരു നാമപദം ഉണ്ടാക്കാൻ കഴിയും. ഇതിന്റെ അടിസ്ഥാനത്തിൽ വിട്ടുപോയവ പൂർത്തിയാക്കുക.

   ഉദാഹരണം: കൃഷി - കാർഷികം
   
   ............. - ലൗകികം
   
   ആത്മാവ് - ............. (2)
6. 'അന്നത്തെ വർത്തമാനപത്രങ്ങളായിരുന്നു വഴിപോക്കർ.'

   വഴിപോക്കർ വർത്തമാനപത്രങ്ങളാവുന്ന സാഹചര്യം എന്തായിരുന്നു? വ്യക്തമാക്കുക. (2)

7. ചുവടെ കൊടുത്ത പാഠഭാഗങ്ങളുടെ രചയിതാവ്, കൃതി എന്നിവ വലയത്തിൽനിന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

(പ്രകോപനങ്ങളുടെ പുസ്തകം, വി.ടി. ഭട്ടതിരിപ്പാട്, കുചേലവൃത്തം വഞ്ചിപ്പാട്ട്, ഇ.വി. കൃഷ്ണ പ്പിള്ള, രാമപുരത്ത് വാര്യർ, വെടിവട്ടം, കെ.പി. അപ്പൻ, ചിരിയും ചിന്തയും, പി. സുരേന്ദ്രൻ, കണ്ണുനീർത്തുള്ളി) (4)

| പാഠഭാഗം | കൃതി | രചയിതാവ് |
|---|---|---|
| • സമഭാവന വളർത്തുന്ന ഗുരുകുലങ്ങൾ | - | - |
| • മൂന്നു കാലഘട്ടങ്ങളിലെ വഴിയാത്രകൾ | - | - |
| • വിഷു അധ്വാനത്തിന്റെയും ഓണം സമൃദ്ധിയുടെയും തിരുവാതിര സൗന്ദര്യത്തിന്റെയും പ്രതീകങ്ങളാണ്. | - | - |
| • കാർമുകിലിനുള്ള അർച്ചനാലേഖനം | - | - |

8. 'സാന്ദ്രസൗഹൃദം' എന്ന കാവ്യഭാഗത്തെ ആശയങ്ങൾ ഉൾപ്പെടുത്തി 'നഷ്ടമാവുന്ന സൗഹൃദങ്ങൾ' എന്ന വിഷയത്തിൽ സ്കൂൾ മാസികയിലേക്ക് ഒരു എഡിറ്റോറിയൽ തയാറാക്കുക. (അരപ്പുറം)(4)

9. • അരിസ്റ്റോഫനിസിന്റെ 'മേഘങ്ങൾ' എന്ന നാടകത്തിൽ മേഘങ്ങളുടെ ഉജ്ജ്വലമായ സംഘഗാനം നാം കേൾക്കുന്നു.

- 'പ്രാചീനകാലത്തെ കവികൾ മാത്രമല്ല, നാടകകൃത്തുക്കളും അനിർവചനീയതയെ വിഷയമാക്കിയിരുന്നതു മേഘങ്ങളിലൂടെയായിരുന്നു'- വിശകലനം ചെയ്തു സമർഥിക്കുക. (അരപ്പുറം)(4)

10. • "പാടത്തിൻ കര നീളെ നീലനിറമായ് വേലിക്കൊരാഘോഷമായ്
ആടിത്തൂങ്ങിയലഞ്ഞുലഞ്ഞു സുകൃതം കൈക്കൊണ്ടു നിൽക്കും വിധൗ"

• "ആരാരും നോക്കിടാതെ മതിൽവിടവിൽ മുളച്ചുന്തിയെത്തിച്ചു നോക്കാൻ
പോരാപ്പാഴ്‌വള്ളി നീയും"

- ഈ മുക്തക ഭാഗങ്ങളിലെ കഥാപാത്രങ്ങളെ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക. (അരപ്പുറം) (4)

11. 'അമ്മമ്മയെക്കുറിച്ച് ആലോചിക്കാനേ വയ്യ'- പി. സുരേന്ദ്രൻ 'അമ്മമ്മ' എന്ന അനുഭവക്കുറിപ്പ് അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്. വായനക്കാരായ നിങ്ങളും ഇങ്ങനെ ചിന്തിച്ചിട്ടുണ്ടാവാം. വർത്തമാനകാല അനുഭവങ്ങളുമായി ബന്ധിപ്പിച്ച് ലേഖകന്റെ ആശങ്ക വിശകലനം ചെയ്യുക. (അരപ്പുറം) (4)

12. • "മുണ്ടകൻകൊയ്തു നെല്ലും വൈക്കോലും സംഭരിച്ചുകഴിഞ്ഞാൽ കർഷകഹസ്തം സ്വതന്ത്രമായി."

• "പുതുവർഷത്തിൽ ചാലുകീറി വിളവിറക്കാൻ കർഷകൻ മുന്നോട്ടുവരുന്നു."

• "വട്ടന്റെ ചുണ്ടു ചുവന്നാൽ അത്തം മുറ്റത്തെത്തും."

- കേരളത്തിലെ കാർഷികജീവിതത്തിന്റെ സ്പന്ദനവും തുടർച്ചയുമാണ് നമ്മുടെ ആഘോഷങ്ങളും ഉൽസവങ്ങളും. സൂചനകളുടെ അടിസ്ഥാനത്തിൽ ലഘുപന്യാസം രചിക്കുക. (ഒരു പുറം) (6)

അല്ലെങ്കിൽ

- താഴെ കൊടുത്ത സൂചനകൾ അടിസ്ഥാനമാക്കി അമ്മമ്മ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക (ഒരു പുറം).




13. ആശയം, പ്രയോഗസവിശേഷതകൾ, കാലികപ്രസക്തി തുടങ്ങിയവ പരിഗണിച്ച് കവിതാഭാഗത്തിന് ആസ്വാദനം തയാറാക്കുക. (ഒരുപുറം) (6)

ഓണക്കിനാവ്

ചിറ്റാട തേടുന്ന ചിങ്ങമാസം
മുറ്റത്തു പൂവിടാൻ കാത്തുനിൽക്കേ
അത്തം കഴിഞ്ഞേതു പൂക്കളെന്നേ
ചിത്തം പകർന്നു നീയോർത്തു നിൽക്കേ
കണ്ണിൽ വെളിച്ചമോ പൂപ്പിറപ്പോ
എണ്ണുന്ന നാളിന്റെ തുള്ളിനീരോ!
ഓണം നമുക്കെന്നുമെന്തു തന്നു?
ഓരാണ്ടു നീളും കിനാവു തന്നു.
ഓർമ്മയ്ക്കൊരൂഞ്ഞാല, യോടിവള്ളം,
ഓരോ ദിനവും കൊതിപ്പിണക്കം
പുത്തൻ കസവിൻ തഴമ്പു തന്നു
പത്തടിപ്പാട്ടിൻ വയമ്പു തന്നു
വാക്കിൽ വെളുക്കും കറുപ്പു തന്നു
നോക്കിൽച്ചിരിക്കും കുശുമ്പു തന്നു
വാങ്ങുവാനേറെക്കുമിച്ചു തന്നു
വായ്പയിൽ വായ്ക്കുന്ന വേവുതന്നു
ഓണമാണോണമാണെന്നു തോന്നും
തോന്നലിൽ നമ്മെപ്പൊതിഞ്ഞു തന്നു.
വിറ്റ കാണത്തിൻ കിതപ്പു താന്നു
കൊറ്റിന്നു വീണ്ടും കടങ്ങൾ തന്നു.

*(വി. മധുസൂദനൻ നായർ)*

(കൊറ്റ് - ഭക്ഷണം
കാണം - ആധാരം)